ജമാൽ കടന്നപ്പള്ളി

# ദിക്‌റുല്ലാഹ്

**നബി(സ)** സദാ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിലായിരുന്നു എന്നതു പോലെത്തന്നെ സദാ അല്ലാഹുവിന്റെ ദിക്‌റിലു(സ്മരണ)മായിരുന്നു. ആഇശ(റ) പറയുന്നു: “നബി(സ) എല്ലാ അവസരങ്ങളിലും അല്ലാഹുവിനെ സ്മരിക്കാറുണ്ടായിരുന്നു” (ബുഖാരി). ഉദ്ദേശ്യം വ്യക്തമാണ്. മനുഷ്യർക്കിടയിൽ സാമൂഹിക പരിവർത്തനത്തിനുള്ള ശ്രമങ്ങൾ നടത്താനുള്ള സാക്ഷാൽ ഇന്ധനം ലഭിക്കേണ്ടത് അവരുടെ സ്രഷ്ടാവിൽനിന്നാണ്. ഈ ഇന്ധനമത്രെ ദിക്‌റുല്ലാഹ്. നമുക്കറിയാവുന്നതുപോലെ തീർച്ചയായും ദിക്‌റ് സമഗ്രമാണ്. വിശുദ്ധ ഖുർആൻ, നമസ്കാരം, വിജ്ഞാനം, ദൈവാനുസരണം.... ഒക്കെയും ദിക്‌റാണ്. അപ്പോഴും ദിക്‌റിന് ഒരു കാതലുണ്ട്. അത് ‘ലാ ഇലാഹ ഇല്ലല്ലാഹ്’ പോലുള്ള വിശുദ്ധ വാക്യങ്ങൾ മനസ്സറിഞ്ഞ് നാവുകൊണ്ട് ചൊല്ലലാണ്. മനസ്സ് അറിയുന്നില്ലെങ്കിൽ ദിക്‌റിന് ആത്മാവുണ്ടാവില്ല. ‘അല്ലാഹുവെ ഓർത്ത് അവൻ നിരോധിച്ചത് വെടിയലും കൽപിച്ചത് ചെയ്യലുമാണ് ദിക്‌റിന്റെ ആത്മാവ്’ എന്നത്രെ സയ്യിദ് മൗദൂദിയുടെ നിരീക്ഷണം (ഖുത്ബാത്ത്). ദിക്‌റ് യഥാർഥത്തിൽ ഈമാന്റെ നെടുംതൂണും സംരക്ഷകനുമാണ്. ഖേദകരമെന്നു പറയട്ടെ നമ്മിൽ പലരും ദിക്‌റിനെ ഈ അർഥത്തിൽ മനസ്സിലാക്കാറില്ല. പിഴച്ച സ്വൂഫികളും ബിദ്അത്തുകാരുമൊക്കെ ദിക്‌റിനെ ദുരുപയോഗപ്പെടുത്തുന്നുവെന്നത് ന്യായീകരണമല്ല. നബി(സ) അരുൾചെയ്യുന്നു: “സത്യവിശ്വാസത്തിന് എഴുപതിൽപരം ശാഖകളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വചനവും ഏറ്റവും നിസ്സാരമായത് വഴിയിൽനിന്ന് ഉപദ്രവങ്ങൾ മാറ്റലുമാണ്.” അവിടുന്ന് മറ്റൊരിക്കൽ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ വിശ്വാസം പുതുക്കിക്കൊണ്ടിരിക്കുക. ഉടനെ ചോദ്യമുയർന്നു: ‘അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ എങ്ങനെയാണ് ഞങ്ങളുടെ ഈമാൻ പുതുക്കുക?’ തിരുമേനി അരുൾചെയ്തു: ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്യം ധാരാളമായി ഉരുവിടുക” (ഹാകിം). ഇസ്‌ലാമിക പ്രവർത്തകർക്ക് ദിക്‌റ് ഒഴിച്ചുകൂടാനാവാത്ത ഘടകമാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണല്ലോ സമാധാനത്തിനുവേണ്ടി യുദ്ധം ചെയ്യേണ്ടിവരിക എന്നത്. അല്ലാഹു പറയുന്നു: “അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ ശത്രുവിഭാഗവുമായി ഏറ്റുമുട്ടുമ്പോൾ ഉറച്ചുനിൽക്കുക. അല്ലാഹുവെ ധാരാളമായി ദിക്‌റ് ചെയ്യുക. നിങ്ങൾ വിജയിക്കാൻ” (*അൽ അൻഫാൽ:* 45). വിശുദ്ധ ഖുർആൻ ഊന്നൽ കൊടുത്ത വിഷയമാണ് ദിക്‌റ്. ഏതാനും സൂക്തങ്ങൾ ഉദ്ധരിക്കാം: “അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനെ അധികമധികം സ്മരിക്കുവിൻ. പ്രഭാതത്തിലും പ്രദോഷത്തിലും അവനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുവിൻ” (*അൽ അഹ്സാബ്:* 41-42). “നിന്നെ നല്ലവണ്ണം പരിശുദ്ധപ്പെടുത്താനും നിന്നെ ധാരാളമായി ഓർക്കാനും” (*ത്വാഹാ:* 32-33). “തന്റെ റബ്ബിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുക. ഉദയത്തിനു മുമ്പും അസ്തമയത്തിനു മുമ്പും പിന്നെ നിശാവേളയിലും അവനെ പ്രകീർത്തിക്കുക. സാഷ്ടാംഗ പ്രണാമത്തിൽ(സുജൂദ്)നിന്ന് വിരമിച്ച ശേഷവും” (*ഖാഫ്:* 40). “പ്രവാചകരേ, പ്രഭാതത്തിലും പ്രദോഷത്തിലും താങ്കളുടെ റബ്ബിനെ സ്മരിക്കുക. അത്യന്തം താഴ്മയോടും ഭയത്തോടും കൂടി; ഉച്ചത്തിലല്ലാത്ത വാക്കുകളോടു കൂടിയും. താങ്കൾ അശ്രദ്ധയിൽപെട്ടു പോകരുത്” (*അൽ അഅ്റാഫ്:* 205). സത്യവിശ്വാസികൾ സദാ ദിക്‌റിലായിരിക്കണമെന്നത് ഖുർആന്റെ അർഥശങ്കക്കിടം നൽകാത്ത ആജ്ഞയാണ്. “നമസ്കരിച്ചുകഴിഞ്ഞാലും നിന്നും ഇരുന്നും കിടന്നും നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കണം” (*അന്നിസാഅ്:* 103). “നമസ്കാരം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹം തേടുകയും അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും ചെയ്യുക” (*അൽജുമുഅ:* 9). “നിന്നും ഇരുന്നും കിടന്നും ഒക്കെ അല്ലാഹുവെ ദിക്‌റ് ചെയ്യുകയും ആകാശഭൂമികളുടെ നിർമാണത്തിൽ ചിന്തിക്കുകയും ചെയ്യുന്ന ധിഷണാശാലികൾ” (*ആലുഇംറാൻ:* 191). തിളച്ചു മറയുന്ന ജീവിതത്തിനിടയിൽ ഇതൊക്കെ സാധിക്കുമോ എന്ന് ചിന്തിക്കാം. തീർച്ചയായും സാധിക്കും എന്നാണ് മറുപടി. അതിന് ഒന്നാമതായി നമ്മുടെ ദിശാബോധം കലർപ്പറ്റതാകണം. അഥവാ അല്ലാഹുവിന്റെ തൃപ്തിയും പരലോകവിജയവും നമ്മുടെ സാക്ഷാൽ ലക്ഷ്യവും, ഇഖാമത്തുദ്ദീൻ ഭൂമിയിൽ ജീവിക്കുന്നതിന്റെ ലക്ഷ്യവുമായി നിർണയിക്കണം. ആ നിർണയത്തിന്റെ ബലം പോലിരിക്കും നമ്മുടെ ദിക്‌റിന്റെയും നൈരന്തര്യം. ഒരേ സമയം അനേകം കാര്യങ്ങൾ ചിന്തിക്കാൻ നമുക്ക് കഴിയുന്നുവെങ്കിൽ ദൈവത്തെക്കുറിച്ചുമാത്രം ഓർക്കാൻ കഴിയാതിരിക്കില്ല. എന്നല്ല, സാക്ഷാൽ ചിന്ത ദൈവത്തെകുറിച്ചാവുകയും മറ്റു ജീവിത വ്യവഹാര ചിന്തകൾ അതിനു താഴെ ചിട്ടപ്പെടുത്തുകയുമാണ് നാം ചെയ്യേണ്ടത്.

ഓപ്പറേഷൻ തീയേറ്ററിലെ ഡോക്ടർക്കുപോലും മനസ്സുവെച്ചാൽ ഈവിധം ചിന്താക്രമീകരണം സാധിക്കുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മനസ്സിൽ സദാ ദിക്‌റുണ്ടായാൽ നമ്മുടെ ജീവിതവും തദ്കീറിനൊത്ത്-തൗഹീദിനൊത്ത്- രൂപപ്പെടുത്തുക നിഷ്പ്രയാസമാണ്. അങ്ങനെ അകത്തും പുറത്തും തൗഹീദ് സാക്ഷാത്കരിക്കുന്നവർക്കത്രെ അല്ലാഹു ശാന്തിയും സമാധാനവും വാഗ്ദാനം ചെയ്തത്: “അറിഞ്ഞിരിക്കുവിൻ; ദിക്‌റ് കൊണ്ടുമാത്രമാകുന്നു ഹൃദയങ്ങൾ ശാന്തിയടയുന്നത്” (*അർറഅ്ദ്:* 28). നബി(സ) അരുൾചെയ്യുന്നു: “അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തിക്കൊണ്ട് നിങ്ങൾ ഉരുവിടുന്ന തഹ്‌ലീലും തക്ബീറും തഹ്മീദും അല്ലാഹുവിന്റെ സിംഹാസനത്തിന്റെ ചുറ്റും വട്ടമിടുന്നു”(*അഹ്മദ്*). “അൽഹംദുലില്ലാഹ് എന്നത് തുലാസ്സ് നിറക്കും. സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി എന്നത് ആകാശഭൂമികൾക്കിടയിലുള്ളതെല്ലാം നിറക്കും” (മുസ്‌ലിം). “നീ അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കുക. എങ്കിൽ നിനക്കവനെ നിന്റെ മുന്നിൽതന്നെ കാണാം” (തിർമിദി). അപ്പോൾ ദിക്‌റുല്ലാഹ് ഒരേസമയം ചിന്തയും വാക്കും അനുസരണവുമാണ്. ധാരാളം ദിക്‌റ് ചൊല്ലിയിട്ടും മനസ്സമാധാനം ലഭിക്കാത്തതിന്റെ രഹസ്യം ഇപ്പോൾ വ്യക്തമാണ്. മറ്റ് പലതും പോലെ ദിക്‌റിന്റെ സമഗ്രതയും നാം കൈവിട്ടു. അത് വീണ്ടെടുത്താലേ ദിക്‌റിന്റെ യഥാർഥ ഫലം ലഭിക്കുകയുള്ളൂ. ■